മാതൃഭൂമി

Seed

പ്രസിദ്ധീകരണം

# ആകാശപ്പച്ച

## പച്ചപ്പുകൊണ്ട് മറയണം ആകാശ നീലിമ




മാതൃഭൂമി സീഡ് വിദ്യാർഥികളുടെയും
അധ്യാപകരുടെയും പ്രകൃതിസൗഹൃദ
നിലപാടുകൾക്ക് ഒരു ഡിജിറ്റൽ ഇടം

MATHRUBHUMI SEED
DIGITAL NATURE MAGAZINE

LEAF - 29 FEBRUARY 2024



# ആകാശപ്പച്ച

## CONTENTS


എഡിറ്റോറിയൽ
Page 4

കാട്ടിലെക്കാര്യം
Page 5

കേരളം അറിയാൻ
Page 6

ചിറകുള്ള ചങ്ങാതിമാർ
Page 7

ഈ ഫോട്ടോ കാണാം
Page 8

കൃഷിക്കാര്യം
Page 9

സിനിമാപാട്ടിലെ പ്രകൃതി
Page 10

ഇത് അതിശയം തന്നെ
Page 11

തെറ്റ് ശരി
Page 12

ലോകം എങ്ങനെ
Page 13

പൂവറിവ്
Page 14

വർണച്ചിറക്
Page 15-16





പൂക്കളും പൂമ്പാറ്റകളും തമ്മിലുള്ള ബന്ധം വളരെ ആഴത്തിലുള്ളതാണ്. കാഴ്ചയിൽ പൂക്കളെപ്പോലെ തോന്നിക്കുന്ന നിരവധി പൂമ്പാറ്റകളുണ്ട്. എന്നാൽ പൂമ്പാറ്റയെപ്പോലെ ഒരു പൂവാണ് കവർ ചിത്രത്തിലുള്ളത്. വയനാട്ടിലെ ബാണാസുരസാഗർ മണ്ണണക്കെട്ടിനു സമീപത്തു വിടർന്നതാണ് ഈ കാട്ടുപൂവ്.

Cover photo: KK




Multilingual education is a pillar of intergenerational learning

# ഫെബ്രുവരി 21
# ലോകമാതൃഭാഷാദിനം

ഇംഗ്ലീഷ് പോലെ ലോകമെങ്ങും ഏറെ പ്രചാരമുള്ള ഭാഷകളോട് കിടപിടിക്കാനാവാതെ പല പ്രാദേശിക ഭാഷകളും വലിയ പ്രതിസന്ധി നേരിട്ടിരുന്നു. എന്നാൽ സാങ്കേതികവിദ്യ പുരോഗമിച്ചതോടെ പ്രാദേശിക ഭാഷകൾ ഫോണുകളിലും കമ്പ്യൂട്ടറുകളിലും ഉപയോഗിക്കാമെന്ന സ്ഥിതി വന്നു. മിക്ക ഭാഷകളും മറ്റുഭാഷകളിലേക്ക് യന്ത്രസഹായത്തോടെ ഭാഷാന്തരം നടത്തുന്നതും എളുപ്പമായി. പലരുടേയും മാതൃഭാഷയായ കൊച്ചുകൊച്ചുഭാഷകൾക്ക് ഈ മാറ്റത്തോടെ പുതുജീവൻ ലഭിച്ചിട്ടുണ്ട്. ഏത് ഭാഷയിൽ എഴുതിയാലും, പറഞ്ഞാലും മറ്റു ഭാഷകളിലേക്ക് അനായാസം മാറ്റാൻ കഴിയുന്ന കാലം അതിവിദൂരമല്ല. നിർമിത ബുദ്ധിയും ഇക്കാര്യത്തിൽ വലിയ സഹായങ്ങൾ ചെയ്യുന്നുണ്ട്. അതുകൊണ്ട് വളരെ പ്രതീക്ഷയോടെ, സന്തോഷത്തോടെ നമുക്ക് ഈ മാതൃഭാഷാദിനം ആഘോഷിക്കാം.



# പ്രകൃതി മരുന്നുകൾ

പ്രകൃതിയോട് ഇണങ്ങിനിൽക്കുന്ന പ്രാചീന ചികിത്സാ സമ്പ്രദായങ്ങൾ പലതും ഇപ്പോഴും നമ്മുടെ നാട്ടിലുണ്ട്. ഇത്തരം ചികിത്സകളിൽ ഉപയോഗിക്കുന്ന ഔഷധങ്ങളെല്ലാം പ്രകൃതിദത്തമായ ചേരുവകളിൽ നിന്ന് ഉണ്ടാക്കുന്നവയുമാണ്. ചെടികളിൽ നിന്ന് ലഭിക്കുന്ന പലതരം വസ്തുക്കൾ മരുന്നുകൾ ഉണ്ടാക്കാനായി ഉപയോഗിക്കുന്നു. ഏതൊക്കെ ചെടികൾ മരുന്നായി ഉപയോഗിക്കുന്നു, അവ ഏതേത് അസുഖങ്ങൾക്കാണ് ഉപയോഗിക്കുന്നത് തുടങ്ങിയ വിവരങ്ങൾ ഒരു നോട്ടുപുസ്തകത്തിൽ എഴുതി സൂക്ഷിക്കാവുന്നതാണ്. ആ സസ്യങ്ങളുടെ ചിത്രങ്ങളും ശേഖരിക്കാം. തുളസി, ആടലോടകം, പനിക്കൂർക്ക തുടങ്ങി നാട്ടുമരുന്നുകളായി ഉപയോഗിക്കുന്ന സസ്യങ്ങളിൽ അടങ്ങിയിരിക്കുന്ന രാസവസ്തുക്കൾ ഏതാണ് എന്ന അന്വേഷണം കൗതുകകരമായിരിക്കും. ഔഷധ സസ്യങ്ങളിൽ അടങ്ങിയിരിക്കുന്ന രാസവസ്തുക്കളിൽ ഏത് ഘടകമാണ് അസുഖങ്ങളെ സുഖപ്പെടുത്താൻ സഹായിക്കുന്നത് എന്ന കണ്ടെത്തലിനാണ് ഏറ്റവും പ്രാധാന്യം. ഇതിനായി ചെടികളെ പരിചയപ്പെടുത്തുന്ന പുസ്തകങ്ങളും മറ്റും ഉപയോഗപ്പെടുത്താം.



# ആമസോൺ മഴക്കാടുകൾ

കാട്ടിലെക്കാര്യം

നിഗൂഢത കൊണ്ട് സാഹസിക സഞ്ചാരികളുടെ പ്രിയം നേടിയ ഇടമാണ് ആമസോൺ മഴക്കാടുകൾ. ലോകത്ത് അവശേഷിക്കുന്ന മഴക്കാടുകളുടെ പകുതിയും ഇവിടെയാണ്. ഇപ്പോഴും ഈ പ്രദേശത്ത് മനുഷ്യൻ പൂർണ്ണമായും പര്യവേഷണം നടത്തിയിട്ടില്ല. ഭൂമിയിലെ ഏറ്റവും വലിയ അജ്ഞാതപ്രദേശങ്ങൾ ആമസോൺ വനങ്ങൾക്കുള്ളിലാണ്. 9 രാജ്യങ്ങളിലായാണ് ആമസോൺ വനം വ്യാപിച്ചുകിടക്കുന്നത്. വനത്തിന്റെ 60 ശതമാനവും ബ്രസീലിലാണ്. ലോകത്തെ അറിയപ്പെടുന്ന സസ്യജന്തു ജാലങ്ങളിൽ പത്തിൽ ഒന്നും ഇവിടെയാണുള്ളത്. അപകടകാരികളായ വന്യജീവികളുടെയും കേന്ദ്രമാണ് ആമസോൺ. കറുത്ത ചീങ്കണ്ണി, ജഗ്വാർ, പ്യൂമ, അനകോണ്ട തുടങ്ങിയ വന്യജീവികളും ഷോക്കടിപ്പിക്കുവാൻ കഴിവുള്ള ഇലക്ട്രിക് ഈലുകളും ഭീകരന്മാരായ പിരാനകളും കൊടിയ വിഷമുള്ള വാമ്പയർ വവ്വാലുകളും വരെ ഇവിടെയുണ്ട്. കൗതുകങ്ങൾ കൊണ്ട് ലോകത്തെ വിസ്മയിപ്പിക്കുന്ന ഈ കാട് ഇന്ന് പല രീതിയിലുള്ള ഭീഷണികൾ നേരിട്ടുകൊണ്ടിരിക്കുന്നു. ആമസോൺ മഴക്കാട് നശിച്ചാൽ ലോകം അപകടകരമായ പ്രശ്നങ്ങളിലേക്ക് നീങ്ങും. അതുകൊണ്ട് ഭൂമിയുടെ ശ്വാസകോശം ആയ ആമസോൺ മഴക്കാടുകളെ സംരക്ഷിക്കേണ്ട ബാധ്യത നമുക്ക് ഓരോരുത്തർക്കുമുണ്ട്.

ആർദ്ര സിപിൻ,
സി.കെ.സി.എച്ച്.എസ്, പൊന്നുരുന്നി
എറണാകുളം

# വീടിനപ്പുറവും വേണം ശുചിത്വം

ദൈവത്തിന്റെ സ്വന്തം നാടായ കേരളത്തിന് അഭിമാനിക്കാൻ ഒരുപാട് സവിശേഷതകളുണ്ട്. സാക്ഷരതയുടെയും ആരോഗ്യത്തിന്റെയും ശുചിത്വത്തിന്റെയുമൊക്കെ കാര്യത്തിൽ നാം മറ്റു സംസ്ഥാനങ്ങളേക്കാൾ മുമ്പിലാണ്. എന്നാൽ പരിസ്ഥിതിസംരക്ഷണ വിഷയത്തിൽ വളരെ പുറകിലുമാണ്. നമ്മൾ ജീവിക്കുന്ന ചുറ്റുപാടുകളുടെ സംരക്ഷണവും പരിപാലനവും വളരെ ശ്രദ്ധയോടെ ചെയ്യേണ്ട കാര്യമാണ്. ജലത്തിനും ഭക്ഷണത്തിനും തൊഴിലിനും പ്രകൃതിയെ നേരിട്ട് ആശ്രയിക്കുന്നവരെയാണ് പരിസ്ഥിതിനാശം നേരിട്ട് ബാധിക്കുക. പാടം നികത്തിയാലും മണൽവാരി പുഴ നശിച്ചാലും മരം വെട്ടിയാലും മാലിന്യ കൂമ്പാരങ്ങൾ കൂടിയാലും കുന്നിടിച്ചാലും യാതൊരു പ്രശ്നവും ഇല്ല എന്ന മനോഭാവമുള്ളവരുണ്ട്. പരിസ്ഥിതിസംരക്ഷണം വ്യക്തിയുടെ ആവശ്യമല്ല, സമൂഹത്തിന്റെ കടമയാണ്. രണ്ടു നേരം കുളിക്കുന്ന ശുചിത്വശീലമുള്ളവരാണ് കേരളത്തിലെ ജനങ്ങൾ. എന്നാൽ ഇന്ന് ആ ശീലങ്ങൾ മാറ്റിക്കൊണ്ടിരിക്കുകയാണ് നമ്മൾ. സ്വന്തം വീടിനപ്പുറത്തേക്ക് ശുചിത്വം എന്താണെന്ന് മലയാളിക്കറിയില്ല എന്നത് അത്യന്തം വിഷമത്തോടെ പറയേണ്ടിയിരിക്കുന്നു.



അഞ്ജു എം.
ജി.എച്ച്. എസ്. അകലൂർ
പാലക്കാട്

# Atlas moth



# വായില്ലാത്ത അറ്റ്ലസ്മോത്ത്

**പാ**മ്പിനെ ഓർമിപ്പിക്കുന്ന വലിയ ചിറകുകൾ ഉള്ള വയാണ് അറ്റ്ലസ്മോത്ത്. ചുവപ്പ് കലർന്ന തവിട്ടു നിറമുള്ള ചിറകുകൾ ആണ് ഇവയ്ക്ക്. ചിറകുകളിൽ ത്രികോണാകൃതിയിലുള്ള വെളുത്ത അടയാളങ്ങൾ കാണാം. മുൻ ചിറകുകളിലാണ് പാമ്പിന്റെ കണ്ണു പോലെ കറുത്തപൊട്ടുകൾ കാണപ്പെടുക. വായ ഇല്ലാത്ത അറ്റ്ലസ് മോത്തുകൾ പുഴുവായിരിക്കുന്ന അവസ്ഥയിൽ പരമാവധി ഭക്ഷണം അകത്താക്കും.

ശിവാനി അനീഷ്
ഗവ.എൽ.പി.സ്കൂൾ
അയർക്കുന്നം, കോട്ടയം


ഈ ഫോട്ടോ കാണാം

തെന്മല ലുക്കൗട്ട് പോയിന്റ്
കൊല്ലം



മുഹമ്മദ് അമീർ
എ.പി.പി.എം.വി.എച്ച്.എസ്.എസ്.
ആവണീശ്വരം, കൊല്ലം

കൃഷിക്കാര്യം



# തിരി നന

വിളകൾക്ക് പൊതുവെ ജലസേചനത്തിന് ഉപയോഗിക്കുന്നതിനെക്കാൾ 30% കുറവ് ജലം മതി, തിരി നന രീതി ഉപയോഗച്ചാൽ. ദീർഘകാലാടിസ്ഥാനത്തിൽ തിരിനന സംവിധാനം ഉപയോഗപ്പെടുത്തിയാൽ ലാഭം ഇരട്ടിയാക്കാം. തിരിനന രീതി പ്രകാരം ജലം പൈപ്പിലോ, കുപ്പിയിലോ നിറച്ചശേഷം അതിനുമുകളിൽ മണ്ണ് നിറച്ച ഗ്രോബാഗോ, ചട്ടിയോ വയ്ക്കുക. തുടർന്ന് ഒരു തിരി മൂന്നിലൊരു ഭാഗം ജലത്തിലും ബാക്കിഭാഗം മണ്ണിലും വരത്തക്ക രീതിയിൽ ഗ്രോബാഗ് /ചട്ടിയുടെ നടുഭാഗത്ത് ഇറക്കി വയ്ക്കണം. ഈ ഗ്രോബാഗിൽ ചെടി നട്ടാൽ താഴെയുള്ള കുപ്പി അധവാ പൈപ്പിൽ നിന്ന് ആവശ്യമുള്ള വെള്ളം തിരിവഴി മണ്ണിലേക്ക് എത്തും. താഴെയുള്ള പൈപ്പ് / കുപ്പിയിലെ വെള്ളം കറയുന്നത് അനുസരിച്ച് അതിൽ നിറച്ചാൽ മാത്രം മതി. ഈ രീതി മട്ടുപ്പാവിലെ കൃഷിക്കും അടുക്കളതോട്ടത്തിനും വളരെ അനുയോജ്യമാണ്. ഇതിനുവേണ്ടി 30 സെൻറീമീറ്റർ ആഴത്തിലും 20 സെൻറീമീറ്റർ വീതിയിലും നീളത്തിലും ഉള്ള കുഴികളെടുത്ത് അതിൽ നാലിഞ്ച് വ്യാസമുള്ള പി.വി.സി. പൈപ്പുകൾ ഇറക്കി വെക്കുക. 40 സെൻറീമീറ്റർ അകലത്തിൽ പി.വി.സി. പൈപ്പിൽ 16 എം.എം. വ്യാസമുള്ള ദ്വാരങ്ങൾ ഇട്ടു കുത്തനെ നിൽത്തക്ക രീതിയിൽ മണ്ണിട്ട് മൂടുക. തുടർന്ന് പച്ചക്കറിതൈ നട്ടാൽ, തിരിയിലൂടെ പൈപ്പിലെ വെള്ളം കയറുന്നത് അനുസരിച്ച് നിറച്ചു നൽകിയാൽ മതി.

എഫ്രൈം എസ്. സാമുവേൽ
ഗവ. എച്ച്. എസ്. കടമ്മനിട്ട
പത്തനംതിട്ട

സിനിമാപാട്ടിലെ പ്രകൃതി

# മഴവിൽ തേരോട്ടം



*'മഴവില്ലാട്ടം മലയുടെ മുകളിൽ
ഒരു തേരോട്ടം മണിമുകിലോട്ടം
കിളിയും കാറ്റും കുറുകുഴൽ തകിൽ വേണം
കളവും പാട്ടും കളി ചിരി പുകിൽ മേളം..'*

ഈ പാട്ടിന്റെ വരികളിലൂടെ മാനംതൊട്ടു നിൽക്കുന്ന മലയും അതിനെ മനോഹരമാക്കുന്ന മഴവില്ലും, പ്രകൃതിയിലെ സർവ്വ ജീവജാലങ്ങളുടെയും മനോഹരിതയും സന്തോഷവും കാണാം .കളിയും ചിരിയും പാട്ടുമായി വലിയ മേളം തന്നെ പ്രകൃതിയിൽ വിരിഞ്ഞാടുകയാണ്. അത്രയ്ക്ക് ആനന്ദകരവും സുന്ദരവുമാണ് പ്രകൃതി.

സംഗീതം: എസ്.പി.വെങ്കടേഷ്
ഗാനരചന: ഒ.എൻ.വി.കുറുപ്പ്
പാടിയത്: കെ.എസ്.ചിത്ര
സിനിമ: തുടർക്കഥ



ഷൈബ പി. എം.
സെന്റ്. ഫിലോമിനാസ് എ.എൽ.പി. സ്കൂൾ
മേരിക്കുന്ന്, കോഴിക്കോട്

# പഴം സുന്ദരം കുരു മാരകം!



മലയാളികൾക്ക് പ്രിയപ്പെട്ട ഒരു പഴത്തെ പരിചയപ്പെടാം- ആത്തച്ചക്ക വിഭാഗത്തിൽപ്പെട്ട സീതപ്പഴം (Annona Squamosa). സീതയുടെയും രാമന്റെയും പേരിൽ ആത്തച്ചക്കകളുണ്ട്. സീതപ്പഴത്തിന് പച്ച നിറമുള്ള തൊലിയും രാമപഴത്തിന് ചാരനിറത്തിലുള്ള തൊലിയുമാണ്. കഴിക്കുമ്പൾ ഐസ്ക്രീം തൊലിയിലൊളിപ്പിച്ചുവച്ചു എന്ന് തോന്നും. പഞ്ചസാരചക്ക എന്നും പേരുണ്ട്.

എന്നാൽ കറുത്ത് സുന്ദരമായ കുരുവിൽ അപകടം ഒളിച്ചിരിപ്പുണ്ട്. നേരിട്ട് അകത്ത് ചെന്നാൽ ശോധനയിയൂടെ പുറംതള്ളും. എന്നാൽ കുരുമുറിഞ്ഞ് അകത്ത് ചെന്നാൽ ഛർദി, പനി ചിലപ്പോൾ കുടലിലെ പ്രശ്നങ്ങൾ ഒക്കെ വരാം. ജൂസ് അടിക്കുമ്പോൾ ഒരിക്കലും കുരു പെടാതെ നോക്കണം. കീടനാശിനിയായും ഈവിത്ത് ഉപയോഗിക്കുന്നു. പഴം ധാരാളം തിന്നോളൂ. പക്ഷേ, കുരുവിനെ സൂക്ഷിക്കണം.

മനോജ് പിലിക്കോട്
സീഡ് കോർഡിനേറ്റർ
ജി. എച്ച്. എസ്. എസ്. ഉദിനൂർ
കാസർകോട്

# തല പൂഴ്ത്തുന്ന ഒട്ടകപ്പക്ഷി!

ഭയം അനുഭവപ്പെടുമ്പോൾ ഒട്ടകപ്പക്ഷികൾ തല മണലിൽ പൂഴ്ത്തും എന്നാണ് പലരും പറയുന്നത്. അങ്ങനെ ചെയ്താൽ അവ ശ്വാസം കിട്ടാതെ മരിച്ചുപോകില്ലേ?

യഥാർത്ഥത്തിൽ ഒട്ടകപക്ഷികൾ മുട്ടകൾ സൂക്ഷിക്കാൻ ഭൂമിക്കടിയിൽ ഒരു ദ്വാരം ഉണ്ടാക്കാറുണ്ട്. ഇടയ്ക്കിടെ ആ കുഴിയിലേക്ക് തലനീട്ടി അവർ തങ്ങളുടെ കൊക്കുകൾ കൊണ്ട് മുട്ടകൾ തിരിച്ചു തിരിച്ചു വയ്ക്കും. അതുകണ്ടിട്ടാവണം ഒട്ടകപക്ഷികൾ തല മണലിൽ പൂഴ്ത്താറുണ്ട് എന്ന് പറയുന്നത്.



സഫ്രീന ബഷീർ
സീഡ് കോഡിനേറ്റർ
എച്ച്. ഐ. എസ് ഇംഗ്ലീഷ് മീഡിയം സ്കൂൾ
ആനയിടുക്ക്, കണ്ണൂർ



# ആഫ്രിക്ക രണ്ടായി പിളരുമ്പോൾ

ശാസ്ത്രജ്ഞർ പറയുന്നത് ആഫ്രിക്ക രണ്ട് ഭാഗങ്ങളായി പിളരുകയാണെന്നാണ്. അത് ഒടുവിൽ ഒരു പുതിയ സമുദ്രത്തിന്റെ രൂപീകരണത്തിലേക്ക് നയിക്കു മത്രേ! ഈ പ്രക്രിയ പൂർത്തിയാകാൻ ദശലക്ഷക്കണക്കിന് വർഷങ്ങൾ എടുക്കുമെങ്കിലും, ഇത് ഇന്നത്തെ സൊമാലിയയെയും കെനിയ, എത്യോപ്യ എന്നിവയുടെ ചില ഭാഗങ്ങളെയും ഭൂഖണ്ഡത്തിന്റെ മറ്റു ഭാഗങ്ങളിൽ നിന്ന് വിഭജിക്കുമെന്ന് റിപ്പോർട്ടുകൾ പറയുന്നു. 2005 – ൽ എത്യോപ്യ മരുഭൂമിയിൽ ഉടലെടുത്ത 56 കിലോമീറ്റർ നീളമുള്ള ഈസ്റ്റ് ആഫ്രിക്കൻ വിള്ളലുമായി ഭൂഖണ്ഡത്തിന്റെ വിഭജനം ബന്ധപ്പെട്ടിരിക്കുന്നു. സമുദ്രത്തിന്റെ അടിത്തട്ടിൽ നടക്കുന്നതിന് സമാനമായ ടെക്നോണിക് പ്രക്രിയകൾ ആണ് വിള്ളൽ ഉണ്ടാക്കാൻ കാരണമായതെന്ന് ഗവേഷണത്തിൽ ലഭ്യമായ ഭൂകമ്പഡാറ്റ കാണിക്കുന്നു.

ഷംന കെ.
സീഡ് കോർഡിനേറ്റർ
ജി.യു.പി.എസ്. കമ്പളക്കാട്
വയനാട്



പൂവറിവ്

# ഗോൾഡൻ കാസ്കേഡ്



കണിക്കൊന്നപ്പൂക്കളുടെ അതേ അഴകുള്ള വള്ളിപ്പൂച്ചെടിയിനമാണ് ഗോൾഡൻ കാസ്കേഡ്. ഡിസെൻട്ര സ്പെക്റ്റാബിലിസ്, 'ഗോൾഡ് ഹാർട്ട്' അല്ലെങ്കിൽ ഗോൾഡൻ കാസ്കേഡ്' എന്നൊക്കെയാണ് ഇവ അറിയപ്പെടുന്നത്. കാഴ്ചയിൽ കണിക്കൊന്ന പോലെ ആണ് ഈ ചെടി തോന്നുക. ഒരിക്കൽ വിരിയുന്ന പൂക്കുല ഒരു മാസത്തിലധികം കൊഴിയാതെ നിൽക്കുന്നു. വർഷം മുഴുവൻ 'പൂക്കൾ' വിടരുന്ന വള്ളിച്ചെടിയിനമാണിത്. വാസ്തവത്തിൽ പൂക്കൾപോലെ തോന്നുന്നത് മഞ്ഞ നിറത്തിലുള്ള തളിരിലകൾ ആണ്. ഒറ്റ നോട്ടത്തിൽ കാണാനാവാത്ത വിധം വളരെ ചെറിയ വെളുത്ത പൂക്കളുമുണ്ട്. അതു പക്ഷേ എളുപ്പം പൊഴിഞ്ഞു പോകും. തളിരുകളുടെ മഞ്ഞനിറം 2 മാസം വരെ നിൽക്കും. നിറം പിന്നീട് പച്ചയാകും. അപ്പോഴേക്കും പുതിയ തളിരു വരും. കീടാക്രമണം തീരെ കുറവായതുകൊണ്ട് പരിപാലിക്കാൻ വളരെ എളുപ്പമാണ്. തണ്ടു മുറിച്ചു നട്ട് പുതിയ തൈകളുണ്ടാക്കാം.

അഞ്ജന മേനോൻ
വിദ്യോദയ സ്കൂൾ തേവക്കൽ
എറണാകുളം

വർണച്ചിറക്

കവിത

# പോവുകയാണ്

ഈ പുഴയുടെ തീരത്ത്
ഇത്തിരി നേരമിരുന്നുവെങ്കിൽ
അതിന്റെ കുളിരെടുത്തു കൊള്ളൂ
കാൽ നനച്ചുവെങ്കിൽ
അതിന്റെ യാർദ്രത
കൊണ്ടു പോകൂ
ആകെ മുങ്ങി നിവർന്നുവെങ്കിൽ
ആഴമെന്തന്നറിഞ്ഞ് പോകാം.



വറ്റിവരളും മുമ്പ്
ഏറ്റവും അറ്റത്തെ
ഉണക്കമരത്തെയും
പച്ച പുതപ്പിക്കണം,
വേരു കോർത്ത
ചെടികളെയെല്ലാം
പൂ ചൂടിക്കണം,
വഴിയിലെ ചരലുകളെയെല്ലാം
മിനുസപ്പെട്ടുത്തണം,
എല്ലാ അഴുക്കളെയും
കഴുകിക്കളയണം,
വരണ്ട മേഘങ്ങൾക്ക്, കുടിനീരേകണം,
ഒടുവിൽ പേര് പോലും, മായ്ച്ച് കളഞ്ഞാ
മഹാസാഗരത്തിലലിയണം
പോവുകയാണ് ഒഴുകി..ഒഴുകി...

ശ്രീല വി.വി., സീഡ് കോർഡിനേറ്റർ
എൽ.ബി.എസ്.എം.എച്ച്.എസ്സ്.എസ്സ്.
അവിട്ടത്തൂർ, തൃശൂർ





# വഴിവെട്ടുന്നവർ

വീതിയുള്ള വലിയ വഴിക്കായി ഒരുപാട് മരങ്ങൾ മുറിച്ചു മാറ്റുകയാണ്. അമ്മക്കിളി എല്ലായിടത്തും നോക്കി, കൂടുകൂട്ടാൻ ഒരു മരവും കാണുന്നില്ല. അപ്പോഴതാ വഴിയിലെ വളവിനരികിൽ പടർന്നു പന്തലിച്ചു നിൽക്കുന്ന ഒരാൽമരം! അമ്മക്കിളി മരത്തിനടുത്തു ചെന്നു. 'എന്താ? എന്തുവേണം?' ആ ആൽമരം തന്റെ ശിഖരങ്ങൾകൊണ്ട് ആംഗ്യ ഭാഷയിൽ ചോദിച്ചു. കൂടുവയ്ക്കാൻ ഒരിടം വേണമെന്ന് അമ്മക്കിളി പറഞ്ഞു. അങ്ങനെ അമ്മക്കിളി ആൽമരത്തിൽ കൂടുകൂട്ടി. കുറച്ചുദിവസങ്ങൾക്കുശേഷം വഴിവെട്ടുന്നവർ ആൽ മരം മുറിക്കാനെത്തി. അത് കണ്ടതും അമ്മക്കിളി ഉറക്കെ കരഞ്ഞുകൊണ്ട് അവിടമാകെ പറക്കാൻ തുടങ്ങി. അമ്മയുടെ കരച്ചിൽ അവിടെയെങ്ങും മുഴങ്ങി. അത് കേട്ട വഴിവെട്ടുകാർ പറഞ്ഞു: 'ഈ ആൽമരം വഴിയുടെ ഓരത്തല്ലേ അത് അവിടെ നിന്നോട്ടെ. ആ കിളിയുടെ കൂട് അതിലുണ്ട്.' അങ്ങനെ ആൽ മരവും തണലും കളിയുടെ പാട്ടും വലിയ വഴിയുടെ സന്തോഷമായി അവിടെ തുടർന്നു.

ദേവിക എസ്
കാവുന്തറ എ.യു.പി. സ്കൂൾ
കോഴിക്കോട്



എന്നും കാണുന്ന
ഒരു ചെറിയ പുല്ലിന്റെ
പേര് ചോദിച്ചാൽ
അവിടെ തീരും
നമ്മുടെ
അറിവിന്റെ വലുപ്പം

ആകാശപ്പച്ചയിലേക്കുള്ള
രചനകളും നിർദേശങ്ങളും
akashapacha@mpp.co.in
എന്ന വിലാസത്തിലേക്ക്
അയക്കാം
വിശദവിവരങ്ങൾക്ക്
സീഡ് ജില്ലാ കോ-
ഓഡിനേറ്റർമാരോട്
സംസാരിക്കാം.

Mathrubhumi Seed
Student Empowerment for Environmental Development
IN PARTNERSHIP WITH FEDERAL BANK

മാതൃഭൂമി
ആകാശപ്പച്ച

Published by Mathrubhumi Seed